**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1064** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല ഓഫീസ് വിഭജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന്റെ നേരിട്ടുള്ള അധികാര പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ ഓഫീസ് | എണ്ണം |
|---|---|---|
| 1 | എൽ.പി. സ്കൂൾ (ഗവ.) | 25 |
| 2 | എൽ.പി. സ്കൂൾ (എയ്ഡഡ്) | 37 |
| 3 | യു.പി സ്കൂൾ (ഗവ) | 7 |
| 4 | യു.പി. സ്കൂൾ (എയ്ഡഡ്) | 20 |
| | ആകെ | 89 |

മേൽ പ്രകാരമുള്ള സ്കൂളുകൾക്ക് പുറമെ, ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള ഹൈസ്കൂൾ (17 എണ്ണം), സ്പെഷ്യൽ സ്കൂളുകൾ (6 എണ്ണം), അൺ എയ്ഡഡ് സ്കൂളുകൾ (35 എണ്ണം), ഹയർ സെക്കന്ററി (ഹയർ സെക്കന്ററി- 14+ വൊക്കേഷണൽ ഹയർ സെക്കന്ററി-2) വിഭാഗത്തിലുള്ള സ്കൂളുകൾ എന്നിവയും നിലവിലുള്ളതാണ്.

**(ബി)** കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽ പെട്ടിട്ടില്ല.

**(സി)** വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധിക്യം മൂലം കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പുളിക്കൽ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**